പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2806 | 10.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി പ്രവർത്തകരുടെ ജോലിഭാരം | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം അംഗൻവാടി പ്രവർത്തകരെ ഉപയോഗിച്ച് നടത്തുന്ന വാർഷിക സർവ്വേയ്ക്കു പുറമേ അംഗപരിമിതരുടെ സർവ്വേ കൂടി നടത്തുന്നത് അവരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം പ്രവൃത്തികളിൽ നിന്നും അംഗൻവാടി പ്രവർത്തകരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) അംഗപരിമിതരുടെ ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായുള്ളതാണ്. കൂടാതെ കുട്ടികളിലെ വൈകല്യം മുൻകൂട്ടി കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള പദ്ധതി അങ്കണവാടികൾ വഴിയും നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ശേഖരിക്കുക അങ്കണവാടി പ്രവർത്തകരുടെ ചുമതലയാണ്. സമയ ബന്ധിതമായി അംഗപരിമിതരുടെ സർവ്വേ പൂർത്തികരിക്കേണ്ടതിനാലാണ് പ്രസ്തുത സർവ്വേ പ്രവർത്തനങ്ങളിൽ അങ്കണവാടി പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തിയത്. വളരെ ചുരുങ്ങിയ കാലത്തേയ്ക്കുമാത്രമാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നത് എന്നതിനാൽ ആയതിൽ നിന്നും അങ്കണവാടി പ്രവർത്തകരെ ഒഴിവാക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ